*➪ ഈ ജനവിധി ജനങ്ങൾക്ക് എന്താണ് തിരികെ നൽകുന്നത്? ➪*

**ലോകത്തിലെ** ഏറ്റവും വലിയ ജനാധിപത്യപ്രക്രിയ ചെറുത്തുനിൽപ്പിന്റെ സൂചനകൾ പോലും കാണാനില്ലാത്തവിധം നരേന്ദ്രമോദിക്ക് കീഴ്പ്പെട്ടുകൊണ്ട് പരിസമാപ്തിയിലെത്തിയിരിക്കുകയാണ്. കാൽനൂറ്റാണ്ട് നീണ്ടുനിന്ന സഖ്യകക്ഷി ഭരണം പടിയിറങ്ങുന്നു. ഭാരതീയ ജനതാ പാർട്ടിയുടെ ഏകകക്ഷി ഭരണത്തിന് തയ്യാറെടുക്കുകയാണ് ഇന്ത്യൻ ജനാധിപത്യം. ദൃശ്യ-ശ്രാവ്യ-അച്ചടി-നവ മാധ്യമങ്ങളുടെ സഹായത്തോടെ പർവ്വതീകരിച്ചെടുത്ത വികസന മാതൃകയും ചിട്ടയായ ഗൃഹപാഠത്തിലൂടെ സ്ഫുടം ചെയ്തെടുത്ത ധ്രുവീകരണ രാഷ്ട്രീയവും കോർപ്പറേറ്റ് ഭീമന്മാരുടെ സമ്പൂർണ്ണ സഹകരണവും ഒത്തുചേർന്ന് മോദി വാഴ്ചയ്ക്ക് വേണ്ടി ഒരുക്കിയെടുത്ത അങ്കത്തട്ടായി തെരഞ്ഞെടുപ്പ് പ്രക്രിയ തീറെഴുതപ്പെട്ടു. ദുർഭരണങ്ങളുടെയും അധികാരപ്രയോഗങ്ങളുടെയും ഇരകളായി

# ജനകീയസമരങ്ങളെ പ്രതിനിധീകരിച്ചവർ പറയുന്നു

ജനഹിതമറിയുന്നതിനൊപ്പം ജനതയ്ക്ക് രാഷ്ട്രീയ വിദ്യാഭ്യാസം നൽകുന്നതിനും ജനാധികാരത്തെ ശക്തിപ്പെടുത്തുന്നതിനും വേണ്ടി, ജനകീയസമരപക്ഷത്ത് നിന്നും തെരഞ്ഞെടുപ്പ് പ്രക്രിയയെ സമീപിച്ച സ്ഥാനാർത്ഥികൾ സംസാരിക്കുന്നു.

തയ്യാറാക്കിയത്:

**കേരളീയം ഡസ്ക്**

ത്തീർന്ന ജനം ഒരിക്കൽക്കൂടി പ്രതീക്ഷയോടെ പങ്കാളികളായ ഈ ജനവിധി ജനങ്ങൾക്ക് എന്താണ് തിരികെ നൽകുന്നത്? തെരഞ്ഞെടുപ്പിൽ ചർച്ച ചെയ്യണമെന്ന് ജനം ആഗ്രഹിച്ച വിഷയങ്ങൾ പതിവുപോലെ രാഷ്ട്രീയ പാർട്ടികളുടെ പ്രചരണങ്ങളെ സ്പർശിക്കാതെ കടന്നുപോയി. അർത്ഥപൂർണ്ണമായ സംവാദങ്ങൾ അസാധ്യമാക്കുംവിധമുള്ള അരാഷ്ട്രീയ അന്തരീക്ഷം രാഷ്ട്രീയ-മാധ്യമ മുഖ്യധാരകൾ സൃഷ്ടിച്ചെടുത്തു. ജനഹിതമറിയുന്നതിനൊപ്പം ജനതയ്ക്ക് രാഷ്ട്രീയ വിദ്യാഭ്യാസം നൽകുന്നതിനും ജനാധികാരത്തെ ശക്തിപ്പെടുത്തുന്നതിനും ഉപയുക്തമാകേണ്ട തെരഞ്ഞെടുപ്പ് പ്രക്രിയ ഒരിക്കൽക്കൂടി പതിവുപല്ലവി പൂർത്തിയാക്കിയിരിക്കുന്നു.

പൊതുവിലയിരുത്തൽ അതാകുമ്പോഴും ജനാധികാര പ്രക്രിയയായി തെരഞ്ഞെടുപ്പിനെ കണക്കാക്കിയ നിരവധി സ്ഥാനാർത്ഥികൾ പ്രത്യക്ഷത്തിലുള്ള ചില വിഷയങ്ങളെ മുൻനിർത്തിയും ജനകീയ സമരങ്ങളെ പ്രതിനിധീകരിച്ചും തെരഞ്ഞെടുപ്പിനെ നേരിട്ടിരുന്നു. പ്രചരണ കോലാഹലങ്ങളിൽ ഇടം കിട്ടാതെ പോയ, പരാജയപ്പെട്ടിട്ടും പരാജയപ്പെടാത്ത ആ സ്ഥാനാർത്ഥികൾക്ക് പറയാനുള്ളത് എന്തെല്ലാമാണ്? അക്കൂട്ടരിൽ സാധ്യമായ ചിലരുടെ പ്രതികരണങ്ങൾക്ക് കേരളീയം ഇടം നൽകുന്നു.

ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കണമെന്ന ആവശ്യം ഉന്നയിച്ച്, കലഞ്ഞൂർ ക്വാറി വിരുദ്ധ സമരത്തെ പ്രതിനിധീകരിച്ച് നിന്ന **എം.ജി. സന്തോഷ് കുമാർ**,

എൻഡോസൾഫാൻ വിരുദ്ധ സമരത്തെ പ്രതിനിധീകരിച്ച് ആം ആദ്മി പാർട്ടി സ്ഥാനാർത്ഥിയായി നിന്ന **അമ്പലത്തറ കുഞ്ഞികൃഷ്ണൻ**, ബി.ഒ.ടി റോഡിനും കുടിയൊഴിപ്പിക്കലിനുമെതിരെ സമരം ചെയ്യുന്നവരുടെ പ്രതിനിധിയായി മത്സരിച്ച **ടി.പി. അബുലൈസ്**, കാതിക്കുടത്തെ എൻ.ജി.ഐ.എൽ കമ്പനിയുടെ മലിനീകരണത്തിനെതിരെ സമരം ചെയ്യുന്ന ആക്ഷൻ കൗൺസിലിന്റെ പ്രതിനിധിയായ **ജെയ്സൺ പാനിക്കുളങ്ങര**, ആം ആദ്മി പാർട്ടിയുടെ സ്ഥാനാർത്ഥിയായി മത്സരിച്ച, കേരളത്തിലെ മിക്ക ജനകീയ സമരങ്ങളിലും പങ്കാളിയാകുന്ന **സാറാ ജോസഫ്** എന്നിവർ സംസാരിക്കുന്നു.

# ക്വാറി വിരുദ്ധ സമരഭൂമിയിൽ നിന്നും ഗാഡ്ഗിൽ റിപ്പോർട്ടിന് വേണ്ടി

**എം.ജി. സന്തോഷ് കുമാർ**
**(പത്തനംതിട്ട, 4847 വോട്ട്)**

**ലോകസഭ തെരഞ്ഞെടുപ്പിൽ കലഞ്ഞൂർ ക്വാറി വിരുദ്ധ സമരത്തെ പ്രതിനിധീകരിച്ച് സ്ഥാനാർത്ഥിയായി നിൽക്കുമ്പോൾ എന്താണ് പ്രതീക്ഷിച്ചത്?**
ക്വാറിവിരുദ്ധ സമരത്തിന്റെ സ്ഥാനാർത്ഥി എന്ന രീതിയിൽ മാത്രമല്ല ഞങ്ങൾ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചത്. ജനാധിപത്യത്തിന്റെ ഒരു വീണ്ടെടുപ്പ് അനിവാര്യമായിരിക്കുന്ന കാലത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. തെരഞ്ഞെടുപ്പ് പ്രകിയ ജനാധിപത്യത്തിന് ഒരു തരത്തിലും ഗുണകരമാകുന്ന രീതിയിലല്ല നടക്കുന്നത്. ജനങ്ങളുടെ ജീവൽ പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെടാറേയില്ല. അത്തരമൊരു ചർച്ച ഉയർത്തിക്കൊണ്ടുവരണമെന്നും തെരഞ്ഞെടുപ്പ് പ്രക്രിയയുടെ യഥാർത്ഥ രാഷ്ട്രീയം ജനങ്ങളെ ബോധ്യപ്പെടുത്തണമെന്നും ഉദ്ദേശിച്ചാണ് സ്ഥാനാർത്ഥിയെ നിർത്താനുള്ള ആലോചനകൾ ഞങ്ങൾ തുടങ്ങുന്നത്. കലഞ്ഞൂരിലെ ക്വാറിവിരുദ്ധ സമരത്തിന്റെ കാര്യത്തിലെങ്കിലും എല്ലാ സ്ഥാനാർത്ഥികളെക്കൊണ്ടും നിലപാട് പ്രഖ്യാപിക്കണം എന്നാണ് ആദ്യം ഉദ്ദേശിച്ചത്. അത്തരം ആലോചനകളുമായി മുന്നോട്ട് പോകുമ്പോഴാണ് ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ നോമിനി അഡ്വ. ജോയ്സ് ജോർജ്ജ് ഇടതുപക്ഷ പിന്തുണയോടെ ഇടുക്കി മണ്ഡലത്തിൽ മത്സരിക്കാൻ തീരുമാനിച്ച വാർത്ത വരുന്നത്. പശ്ചിമഘട്ട സംരക്ഷണത്തെയും ഗാഡ്ഗിൽ റിപ്പോർട്ടിനെയും പൂർണ്ണമായും എതിർക്കുന്ന ഹൈറേഞ്ച് സംരക്ഷണ സമിതി, ഭൂമി കയ്യേറ്റക്കാരുടെയും കള്ളപ്പട്ടയക്കാരുടെയും ഒരു സംഘടനയാണ്. ഇടുക്കിയിൽ ജോയ്സ് ജോർജ്ജിന്റെ സ്ഥാനാർത്ഥിത്വത്തെ പിന്തുണച്ചുകൊണ്ട് ഇടതുപക്ഷം ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയാണ് ചെയ്തത്. പശ്ചിമഘട്ട സംരക്ഷണത്തിന് എതിരായി നിൽക്കുന്ന ഈ മാഫിയാ സംഘത്തെ തെരഞ്ഞെടുപ്പിൽ പ്രതിരോധിക്കേണ്ടതുണ്ടെന്ന ആവശ്യവും ഞങ്ങളുടെ ഇടയിൽ ഉയർന്നുവന്നു. ഗാഡ്ഗിൽ റിപ്പോർട്ടിന് വിരുദ്ധമായി നിൽക്കുന്ന താത്പര്യങ്ങളാൽ ഇരകളാക്കപ്പെട്ടവരാണ് കലഞ്ഞൂരുകാർ. അങ്ങനെയാണ് 'കേരളം മരുഭൂമിയാകാതിരിക്കാൻ ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കണം' എന്ന മുദ്രാവാക്യവുമായി, പശ്ചിമഘട്ട സംരക്ഷണ സമിതിയുടെ പേരിൽ പത്തനംതിട്ട മണ്ഡലത്തിൽ മത്സരിക്കാൻ ഞങ്ങൾ തീരുമാനിക്കുന്നത്. തെരഞ്ഞെടുപ്പ് ചർച്ചയിൽ ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ഗുണവശങ്ങൾ സജീവമായി ചർച്ച ചെയ്യപ്പെടണം എന്നതായിരുന്നു മുഖ്യലക്ഷ്യം. വികസനത്തിന്റെ പേരുപറഞ്ഞ് പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കുന്ന മാഫിയ സംഘങ്ങളുമായി വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കുള്ള ബന്ധം പ്രചരണത്തിലൂടെ തുറന്നുകാണിക്കുന്നതിനും ഉദ്ദേശിച്ചു. കേരളത്തിലെ എല്ലാ പരിസ്ഥിതി പ്രവർത്തകരെയും ജനകീയ സമരപ്രവർത്തകരെയും പ്രചരണത്തിൽ ഉൾപ്പെടുത്തണമെന്ന് ആഗ്രഹമുണ്ടായിരുന്നു. അതിനായി എല്ലാവർക്കും പൊതുസമ്മതനായി ഒരു സ്ഥാനാർത്ഥി എന്ന നിലയിൽ ളാഹാ ഗോപാലനെയാണ് ആദ്യം പരിഗണിച്ചത്. എന്നാൽ അദ്ദേഹത്തിന് താത്പര്യമില്ലാത്തതിനാൽ പിന്നീട് എന്റെ പേര് നിർദ്ദേശിക്കപ്പെടുകയായിരുന്നു. പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ കാര്യവും എൻഡോസൾഫാൻ ഇരകളുടെ പ്രശ്നവും കാതിക്കുടവും വിളപ്പിൽശാലയും എല്ലാം പറയാൻ കഴിയുന്ന ഒരു രാഷ്ട്രീയ ഇടം രൂപ